**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5444** **24-03-2025 - ൽ മറുപടിയ്ക്ക്**

**തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ തമിഴ് ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കും അവകാശ സംരക്ഷണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഭാഷാന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാതല ഭാഷാന്യൂനപക്ഷ സമിതിയും മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല ഭാഷാന്യൂനപക്ഷ സമിതിയും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും, ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസറായി നിയോഗിച്ച ഡോ. നടുവട്ടം ഗോപാലകൃഷ്ണന്റെ അന്തിമ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ നിയമനങ്ങൾ തമിഴ് ഭാഷ ന്യൂനപക്ഷ പ്രദേശങ്ങളിൽ തന്നെ ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്ന ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഇല്ല. ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ